# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*100 29.09.2016 ൽ മറുപടിക്ക്**

## റോഡുകളുടെ അറ്റകുറ്റപ്പണി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുരളി പെരുനെല്ലി<br>,, ബി.ഡി. ദേവസ്സി<br>,, എ. പ്രദീപ്കുമാർ | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) മുൻസർക്കാരിന്റെ കാലത്ത് റോഡുകളുടെ അറ്റകുറ്റപ്പണിയിൽ നിലവാരം പുലർത്താതിരുന്നതുകൊണ്ട് വളരെയധികം റോഡുകൾ തകർന്ന് ഉപയോഗശൂന്യമായിരിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് അറ്റകുറ്റപണിയിൽ നിലവാരം പുലർത്താത്തതു കൊണ്ട് ചില റോഡുകൾ തകർന്നിട്ടുള്ളതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട് Defect Liability Period-നുമുൻപായി ചില പ്രവൃത്തികളിൽ കേടുപാടുകൾ സംഭവിച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇവ അതാതു കരാറുകാരുടെ സ്വന്തം ചെലവിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഉദാ: NH ലെ ഓച്ചിറ – ചേർത്തല റോഡ് നിർമ്മാണം. കേരളത്തിൽ ആദ്യമായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ആലപ്പുഴയിൽ സോഷ്യൽ ഓഡിറ്റിംഗ് നടത്തി റിപ്പോർട്ട് ലഭിച്ചു. വമ്പിച്ച സ്വീകാര്യതയാണ് അതിനു ലഭിച്ചത്.<br><br>ദേശീയപാത വിഭാഗത്തിൽ റോഡുകളുടെ അറ്റകുറ്റ പണികളും, ഉപരിതലം മെച്ചപ്പെടുത്തലും നടത്തുന്നത് പൂർണ്ണമായും ഐ.ആർ.സി സ്പെസിഫിക്കേഷനും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശവും അനുസരിച്ചാണ്. ഇത്തരം പ്രവൃത്തികളുടെ നിലവാരം ഉറപ്പുവരുത്തുന്നതിനായി പൊതുമരാമത്ത് എഞ്ചിനീയർമാരെ കൂടാതെ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിലെ എഞ്ചിനീയർമാരും പരിശോധിച്ച് ഉറപ്പു |

വരുത്തുന്നു. എന്നാൽ കേരളത്തിലെ ഗതാഗത സാന്ദ്രതയ്ക്കനുസരിച്ചുള്ള ദേശീയപാതാ വികസനം സ്ഥലമെടുപ്പിലുള്ള കാലതാമസം കാരണം മുടങ്ങിയതിനാൽ ദേശീയപാതകളുടെ പല ഭാഗങ്ങളും ഉപരിതലം മെച്ചപ്പെടുത്തൽ മാത്രം നടത്തി ഗതാഗത യോഗ്യമാക്കി നിലനിർത്തുന്നതിനുള്ള അനുമതി മാത്രമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. ഇക്കാരണത്താലും കേരളത്തിലെ ശക്തമായ കാലവർഷത്തിന്റെയും അമിത ഭാരം കയറ്റിയ ട്രക്കുകളുടെ സഞ്ചാരം നിമിത്തവും, നിർമ്മാണത്തിൽ കരാറുകാരിൽ നിന്നുള്ള ചില അപാകതകൾമൂലവും ചില എഞ്ചിനീയർമാരുടെ വീഴ്ചയും കാരണം ദേശീയപാതകൾ അതി വേഗത്തിൽ തകരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. തകരാറുകൾ ശ്രദ്ധയിൽപ്പെട്ട മുറയ്ക്ക് അറ്റകുറ്റ പണികൾ നടത്തി നിലവിൽ ദേശീയപാത സഞ്ചാര യോഗ്യമാക്കി വരുന്നുണ്ട്.

ബി) പൊതുമരാമത്ത് വകുപ്പ് നടത്തുന്ന റോഡ് വികസന പദ്ധതികൾ സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് ഈ സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ;

ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി 5 ലക്ഷം രൂപയിൽ കൂടുതൽ എസ്റ്റിമേറ്റ് തുക വരുന്ന എല്ലാ പ്രവൃത്തികളുടെയും ടെണ്ടറുകൾ ഇ-ടെണ്ടറിംഗ് മുഖേന ഓൺലൈൻ വഴിയാണ് സ്വീകരിച്ചു വരുന്നത്. ഇതു കാരണം ടെണ്ടർ നടപടികൾ സുതാര്യമാകുന്നതിനോടൊപ്പം ടെണ്ടർ നടപടികളുടെ അഴിമതി ഒഴിവാക്കുവാനും സാധിക്കുന്നുണ്ട്. മേജർ പദ്ധതികളുടെ വിവരങ്ങൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി ഈ പദ്ധതികൾതുടങ്ങുമ്പോൾ തന്നെ പദ്ധതി സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ബോർഡുകൾ പ്രസ്തുത പദ്ധതി പ്രദേശങ്ങളിൽ സ്ഥാപിക്കാറുണ്ട്.

ദേശീയപാതയിൽ പല പ്രധാന പദ്ധതികളും ഇ.പി.സി വ്യവസ്ഥയിൽ നടപ്പിലാക്കു

ന്നതിനാൽ ഗുണ നിലവാരം ഉറപ്പാക്കുന്ന ഉത്തരവാദിത്വം കരാറുകാരിൽ നിക്ഷിപ്തമാണ്. അതിനാൽ കരാറുകാർ തന്നെ ഗുണ നിലവാരം ഉറപ്പാക്കുന്നതിൽ കൂടുതൽ ശ്രദ്ധചെലുത്തിവരുന്നു. ഇതു കൂടാതെ സോഷ്യൽ ഓഡിറ്റിംഗ് നടത്തി പദ്ധതികളുടെ പ്രവൃത്തികൾ വിലയിരുത്തുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. കൂടാതെ റോഡ് പ്രവൃത്തികളിൽ വേസ്റ്റ് പ്ലാസ്റ്റിക്, പ്രകൃതിദത്ത റബ്ബർ, ജിയോ ടെക്സ്റ്റയിൽസ്, കോൺക്രീറ്റ് എന്നിവ ഉപയോഗിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

സി) കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡ് പ്രവർത്തനക്ഷമമായാൽ റോഡു നിർമ്മാണത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പങ്കെന്തായിരിക്കുമെന്ന് അറിയിക്കാമോ?

സി) Kerala Infrastructure Investment Fund Board (KIIFB) പ്രവർത്തനക്ഷമമായാൽ സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഇൻവെസ്റ്റിഗേഷൻ ചെയ്ത് പൊതുമരാമത്ത് വകുപ്പ് വഴി ഡി.പി.ആർ തയ്യാറാക്കി Kerala Road Fund Board മുഖേന KIIFB -ൽ സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കി, കർശന ഗുണനിലവാരത്തോടു കൂടി പൂർത്തീകരിക്കുന്നതിനുള്ള നിർവ്വഹണ ചുമതല പൊതുമരാമത്ത് വകുപ്പിനു തന്നെയാണ്.

പൊതുമരാമത്ത് വകുപ്പ് ഒരു ദേശീയ സംസ്ഥാന വകുപ്പാണ്. രാജവാഴ്ചക്കാലം മുതലുള്ള വകുപ്പാണ്. അതിനെ ഒഴിവാക്കാൻ ആർക്കും സാദ്ധ്യമല്ല. അതിനെ ബഹുമാനിക്കാതെ എടുത്തു ചാടുന്ന ആരും രക്ഷപ്പെടുകയില്ല. കാരണം പൊതുമരാമത്ത് വകുപ്പിന് ഭരണഘടന പരിരക്ഷയുണ്ട്. ക്രമക്കേട് കണ്ടെത്തിയാൽ നിയമപ്രകാരം നടപടി സ്വീകരിക്കാം . KIIFB വന്നത് സാമ്പത്തിക കാരണത്താലാണ്. ധനകാര്യ

വകുപ്പിന് വൻകിട പദ്ധതികൾക്ക് പണമില്ല .
പണം ബജറ്റിനു വെളിയിൽ കണ്ടെത്തണം.
അതിനുള്ള സംവിധാനം മാത്രമാണ് KIIFB.
ബഹു.മുഖ്യമന്ത്രിയാണ് അതിന്റെ ചെയർമാൻ.
ധനകാര്യ വകുപ്പിനു പുറമേ പൊതുമരാമത്ത്
വകുപ്പ് സെക്രട്ടറിയും ഇതിൽ അംഗമാണ്.
വമ്പിച്ച അടിസ്ഥാന വികസന സൗകര്യങ്ങൾ
നടപ്പിലാക്കാൻ ഇതുവഴി പൊതുമരാമത്ത്
വകുപ്പിന് കഴിയും എന്ന മന്ത്രിസഭാ
തീരുമാനമാണ് KIIFB യെ പൊതുമരാമത്ത്
വകുപ്പുമായി ബന്ധിപ്പിക്കുന്നത്.

സെക്ഷൻ ഓഫീസർ